(ബി) കൊളുക് നിവാരണ പ്രവൃത്തികൾ നടത്തുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 12,29,806 രൂപ വകയിരുത്തുകയും 9,03,326 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ശുചിത്വ മിഷൻ ഫണ്ട് 60,000 രൂപ, വാർഡ് ഹെൽത്ത് & സാനിറ്റേഷൻ ഫണ്ട് 60,300 എന്നിവയും ചെലവഴിച്ചിട്ടുണ്ട്. സ്പ്രേയിംഗ്, ഫോഗിംഗ്, ഉറവിട നശീകരണം എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചത്.

(സി) കൊളുക് നിവാരണ പ്രവൃത്തികൾ ഫലപ്രദമാക്കുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. പ്രധാനമായും പുതുവെയ്പ് പ്രദേശത്ത് പോർട്ട് ട്രസ്റ്റിന്റെ വക ഏകദേശം മുന്നൂറ് ഏക്കറോളം കണ്ടൽക്കാടുകളാണുള്ളത്. ഈ കാടുകളിൽ ധാരാളം ചതുപ്പ് സ്ഥലങ്ങളുണ്ട്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ വേനൽ മഴയോടുകൂടി ചതുപ്പുസ്ഥലങ്ങളിൽ വെള്ളം കെട്ടിനിൽക്കുകയും കൊളുക് പെരുകാനുള്ള സാഹചര്യം ഉളവാകുകയും ചെയ്യുന്നു. കണ്ടൽക്കാടുകളിൽ പ്രവേശിക്കാൻ റോഡോ മറ്റ് നടപ്പുവഴികളോ യാത്രാ മാർഗ്ഗങ്ങളോ യാതൊന്നുമില്ല. ഇവിടെ പെരുകുന്ന വളരെ ശല്യക്കാരായ കൃവിഷ്ട് വിഭാഗത്തിൽപ്പെട്ട കൊളുക് ഉപ്പുവെള്ളത്തിൽപ്പോലും മുട്ടയിട്ട് വളരുന്നു. മാത്രമല്ല, സ്പ്രേയിംഗ് ഇവിടെ പ്രായോഗികമായി വിജയപ്രദമല്ല. ജനവാസ മേഖലയിൽ ഓടകളുടെ മുകളിൽ സ്ലാബ് ഇട്ട് റോഡായി ഉപയോഗിക്കുന്ന ഓടകളിൽ കൊളുക് വളരാനുള്ള സാഹചര്യം വളരെയേറെയാണ്. കൂടാതെ ഓടകളിലും കായലുകളിലും കക്കൂസ് മാലിന്യങ്ങൾ വീടുകളിൽ നിന്ന് നേരിട്ട് ഒഴുകുന്നത് കൊളുക് ശല്യത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. കായലുകളിലും ഓടകളിലും മാലിന്യം നിക്ഷേപിക്കുന്നതും പരിസരങ്ങളിലേക്ക് വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള സാധന സാമഗ്രികൾ വലിച്ചെറിയുന്നതും കൊളുക് നിവാരണ പ്രവൃത്തികൾ പ്രാവർത്തികമാക്കുന്നതിൽ തടസ്സമായി നിൽക്കുന്നു. ഇതുസംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ നടപടികൾ സ്വീകരിക്കുവാൻ രേഖാമൂലം ആരോഗ്യ വകുപ്പിൽനിന്നും കത്ത് നൽകിയിട്ടുണ്ട്.

മറ്റത്തൂർ പി.എച്ച്.സി.

69(767) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മറ്റത്തൂർ പി.എച്ച്.സി-യിൽ രാത്രികാലങ്ങളിൽ രോഗികളെ പരിശോധിക്കാൻ ആവശ്യമായ ഡോക്ടർമാരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(സി) സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റത്തൂർ പി.എച്ച്.സി.-യിൽ രാത്രികാലങ്ങളിൽ ഓൺകോൾ ഡ്യൂട്ടിയാണുള്ളത്.

(ബി&സി) ഇവിടെ ഒരു സിവിൽ സർജന്റെയും 3 അസിസ്റ്റന്റ് സർജന്റെയും അനുവദിച്ച തസ്തികകളാണുള്ളത്. ഇതിൽ സിവിൽ സർജന്റെ തസ്തിക 7-9-2015 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. 5-10-2015-ന് ഇവിടെ ഒരു ഡോക്ടറെ താൽക്കാലികമായി നിയമിക്കുകയുണ്ടായി. മറ്റൊരു അസിസ്റ്റന്റ് സർജൻ 2-12-2015 മുതൽ പ്രസവാവധിയിലാണ്. എൻ.ആർ.എച്ച്.എം. മുഖേന 2 ഡോക്ടർമാർ ഇപ്പോൾ ജോലി ചെയ്തു വരുന്നുണ്ട്. സിവിൽ സർജൻ ഒഴിവുകൾ നികത്തുന്നതിനാം നടപടി സ്വീകരിച്ചു വരികയാണ്.

സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി

70(768) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നടപ്പു വർഷത്തെ ബഡ്ജറ്റിലെ സുപ്രധാന പദ്ധതികളിൽ ഒന്നായി പ്രഖ്യാപിച്ചിരുന്ന സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ചിസ്, ഹിസ് പ്ലസ്, ആർ.എസ്.ബി.വൈ, താലോലം, കാൻസർ, സുരക്ഷ, രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം, കാരുണ്യ ബെനവലന്റ് ഫണ്ട് വിവിധ ക്ഷേമനിധികളിൽനിന്നുള്ള തുക ഇവയെല്ലാം ചേർത്ത് പുതിയ പേരിൽ ഒറ്റ പദ്ധതിയാക്കുന്നതു വഴി സംസ്ഥാനത്തെ ആരോഗ്യ പരിപാലന രംഗത്ത് എന്ത് ചലനമുണ്ടാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പരിപാടി വഴി സ്വകാര്യ ആശുപത്രികളുടെ ആധിപത്യം കൊണ്ടുണ്ടാകുന്ന അനഭിലഷണീയ പ്രവണതകൾ കുറയ്ക്കുവാൻ വ്യവസ്ഥയുണ്ടോ;

(ഡി) തിരുവനന്തപുരം ഉൾപ്പെടെയുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ആർ.ഐ. സ്കാൻ പോലുള്ള പരിശോധനയ്ക്കായി മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്നത് ഒഴിവാക്കാനായി സർക്കാർ ആശുപത്രികളിൽ ഉപകരണങ്ങൾ ആവശ്യാനുസൃതം വാങ്ങുകയോ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യുന്നതിനുപരിയായി പദ്ധതി പേരു മാറ്റത്തിലൂടെ എന്ത് പ്രശ്നപരിഹാരമാണ് പ്രതീക്ഷിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly